(ബി) ആകെ അഞ്ച് സെന്റോ അതിൽ താഴെയോ മാത്രം ഭൂമി കൈവശമുള്ളവരും സർക്കാർ ഭൂമിയിൽ കുടിതാമസം നടത്തുന്നവരുമായ ആളുകൾക്ക് അവരുടെ കുടുംബത്തിന് വേറെ ഭൂമി ഇല്ലെങ്കിൽ, വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിയല്ലാത്തപക്ഷം സെന്റിന് 100 രൂപ നിരക്കിൽ പതിച്ചു നൽകാൻ 29-10-2004-ലെ ജി.ഒ. (എം എസ്.) 326/04/റവന്യൂപ്രകാരം ഉത്തരവായിട്ടുണ്ട്. ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് ഈ സൗജന്യ നിരക്ക് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം നിശ്ചയിച്ചിരിക്കുന്ന വില നാമമാത്രമായ വിലയാണ്. വളരെ വർഷങ്ങളായി കൈവശംവച്ചിരിക്കുന്നു എന്നതുകൊണ്ടു മാത്രം ഉപാധികളൊന്നുമില്ലാതെ പതിച്ചുനൽകാൻ സാധിക്കുകയില്ല. ഭൂമി പതിവിന് നിലവിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്.

വിജിലൻസ് ഏറ്റെടുത്തിട്ടുള്ള കേസുകൾ

66 [166] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*
,, *ടി. എം. ജേക്കബ്:*
,, *റഷീദു മോഹമ്മദ്:*
,, *കെ. ബി. ഗണേഷ് കുമാർ:*
,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസുകളുടെയും കുറ്റപത്രങ്ങളുടെയും അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ അഴിമതിയുള്ളത് റവന്യൂ വകുപ്പിലാണെന്ന വിജിലൻസ് ഡയറക്ടറുടെ വെളിപ്പെടുത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2001 മുതൽ ഇതുവരെ എത്ര കേസുകളാണ് വിജിലൻസ് ഏറ്റെടുത്തിട്ടുള്ളത്;

(സി) വിജിലൻസ് ഡയറക്ടറുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതിൽ അനധികൃതമായി ഭൂമി പതിച്ചുകൊടുത്ത എത്ര കേസുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) - (ഡി) വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ വകുപ്പിൽ നടക്കുന്ന അഴിമതി

67 [167] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് റവന്യൂ വകുപ്പിലാണെന്ന വിജിലൻസ് ഡയറക്ടറുടെ വെളിപ്പെടുത്തലുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly